ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 07.02.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഛത്തീസ്ഗഡിലെ ജഗ്ദൽപൂരിൽ ബസ്റ്റർ പാണ്ഡം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു.
   **President Draupadi Murmu inaugurates the Bastar Pandum Festival in Jagdalpur, Chhattisgarh.**
2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മലേഷ്യ സന്ദർശനത്തിന് തുടക്കമായി; മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായും ഇന്ത്യൻ പ്രവാസി സമൂഹവുമായും പ്രധാനമന്ത്രി സംവദിക്കും.
   **PM Narendra Modi embarks to Malaysia for two day visit; PM will interact with Malaysian Prime Minister Anwar Ibrahim and the Indian diaspora.**
3. ഇന്ത്യ–അമേരിക്ക ഉഭയകക്ഷി വ്യാപാരക്കരാറിൻറെ ചട്ടക്കൂട് രൂപീകരിച്ചു; 'മെയ്ക്ക് ഇൻ ഇന്ത്യ'യെ ശക്തിപ്പെടുത്തുന്നതാണ് കരാറെന്ന് പ്രധാനമന്ത്രി; കർഷകർക്കും ഗുണം ചെയ്യുമെന്ന് വിലയിരുത്തൽ.
   **India and US issue joint statement announcing framework for an Interim Trade Agreement ; The Prime Minister says the agreement will strengthen 'Make in India'; it will also benefit farmers.**
4. രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു.
   **CM Pinarayi Vijayan lays the foundation stone of the country's first organ transplant hospital in Chevayur, Kozhikode.**
5. അറബിക്കടലിൽ അന്താരാഷ്ട്ര എണ്ണ കള്ളക്കടത്ത് റാക്കറ്റിനെ തകർത്ത് ഇന്ത്യൻ കോസ്റ്റ് ഗാർഡ്.
   **Indian Coast Guard busts international oil smuggling racket in the Arabian Sea.**

6. ഐസിസി പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ നെതർലൻഡ്സിനെതിരെ പാകിസ്ഥാന് 148 റൺ വിജയലക്ഷ്യം.

**ICC Men's T-20 Cricket World Cup begins. Netherlands sets a target of 148 runs against Pakistan in the opening match.**

**&&&&&&&&&&&&&&&&**

## PRESIDENT (INTRO)

പാരമ്പര്യവും സംസ്കാരവും കൈകോർക്കുന്ന പ്രദേശമാണ് ഛത്തീസ്ഗഡ് എന്നും മേഖലയിലെ ആദിവാസി സമൂഹം ഉൾച്ചേർക്കലിന്റെയും കൂട്ടായ്മയുടെയും സന്ദേശം പകരുന്നതായും രാഷ്ട്രപതി പറഞ്ഞു. ഛത്തീസ്ഗഡിലെ ജഗ്ദൽപൂരിൽ ബസ്തർ പാണ്ഡം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജഗ്ദൽപൂരിലെ ലാൽബാഗ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുന്ന പരിപാടിയെയും രാഷ്ട്രപതി അഭിസംബോധന ചെയ്യും.

(വോയ്സ്)

**&&&&&&&&&&&&&&&&**

## PM - MALESIA

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ടു ദിവസത്തെ മലേഷ്യ സന്ദർശനത്തിനായി യാത്ര തിരിച്ചു. മലേഷ്യൻ തലസ്ഥാനമായ ക്വലാലംപുരിലെത്തുന്ന അദ്ദേഹം മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി ചർച്ച നടത്തും. ഇന്ത്യൻ പ്രവാസി സമൂഹവുമായും സംവദിക്കും. പ്രതിരോധ, സുരക്ഷാ ബന്ധങ്ങൾ ശക്തമാക്കാനും പുതിയ മേഖലകളിലേക്ക് സഹകരണം വികസിപ്പിക്കാനും സന്ദർശനം ലക്ഷ്യമിടുന്നു.

**&&&&&&&&&&&&&&&&**

## PM DEPARTURE STATEMENT

മലേഷ്യയുടെ പുരോഗതിക്ക് മൂന്ന് ദശലക്ഷത്തോളം വരുന്ന ഇന്ത്യൻ സമൂഹം നൽകുന്ന സംഭാവനകൾ വളരെ വലുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായുള്ള ചർച്ചകളിൽ ഏറെ പ്രതീക്ഷയുണ്ടെന്നും, മലേഷ്യയിലേക്ക് പുറപ്പെടും മുൻപ് നടത്തിയ പ്രസ്താവനയിൽ

അദ്ദേഹം പറഞ്ഞു. ഇന്ത്യയും - മലേഷ്യയും തമ്മിലുള്ള സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തം കൂടുതൽ മെച്ചപ്പെടുത്താനും പ്രതിരോധ, സുരക്ഷാബന്ധങ്ങൾ ശക്തമാക്കാനും സന്ദർശനത്തിലൂടെ ലക്ഷ്യമിടുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## MEA - PM VISIT ( INTRO )

ഇന്ത്യയും മലേഷ്യയും തമ്മിലുള്ളത് ചരിത്രപരവും സാംസ്കാരികവുമായ ബന്ധങ്ങളിൽ വേരൂന്നിയ തന്ത്രപരമായ പങ്കാളിത്തമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. സന്ദർശനത്തിന് വിശാലമായ അജണ്ടയുണ്ടെന്ന് പ്രധാനമന്ത്രിയുടെ മലേഷ്യ സന്ദർശനത്തെക്കുറിച്ച് വിശദീകരിക്കവേ ശ്രീ ജയ്സ്വാൾ പറഞ്ഞു. സന്ദർശന വേളയിൽ ഇരു രാജ്യങ്ങളുടെയും വ്യാപാര നിക്ഷേപ മേഖലയ്ക്ക് ഊർജ്ജം പകരുന്ന നിരവധി ചർച്ചകളിൽ പ്രധാനമന്ത്രി പങ്കെടുക്കുമെന്ന് ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറി പി കുമരൻ അറിയിച്ചു.

( വോയിസ്....)

&&&&&&&&&&&&&&&&

## INDIA - US TRADE

ഇന്ത്യ–അമേരിക്ക ഉഭയകക്ഷി വ്യാപാരക്കരാറിൻറെ ചട്ടക്കൂട് രൂപീകരിച്ചു. പരസ്പരം പ്രയോജനകരമായ വ്യാപാരം സംബന്ധിച്ച ഇടക്കാല കരാറിനുള്ള ചട്ടക്കൂടിൽ എത്തിയതായി ഇരുരാജ്യങ്ങളും സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ ഫെബ്രുവരിയിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തുടക്കമിട്ട ഉഭയകക്ഷി വ്യാപാര കരാർ ചർച്ചകളുടെ ഫലമായാണ് നടപടി. ഇന്ത്യയിൽ നിന്നുള്ള തുണിത്തരങ്ങൾ, തുകൽ, പാദരക്ഷകൾ, പ്ലാസ്റ്റിക്, റബ്ബർ, ജൈവ രാസവസ്തുക്കൾ, വീട്ടുപകരണങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഉൾപ്പെടെ അമേരിക്ക18 ശതമാനം തീരുവ ബാധകമാക്കും. ജനറിക് ഫാർമസ്യൂട്ടിക്കൽസ്, രത്നങ്ങൾ, വജ്രങ്ങൾ, വിമാന ഭാഗങ്ങൾ എന്നിവയുൾപ്പെടെ നിരവധി വസ്തുക്കളുടെ പരസ്പര തീരുവ

ഒഴിവാക്കും. ഉഭയകക്ഷി വ്യാപാരത്തെ ബാധിക്കുന്ന തീരുവ ഇതര തടസ്സങ്ങൾ ഇരുരാജ്യങ്ങളും പരിഹരിക്കും.

&&&&&&&&&&&&&&&&

## PM INDIA US

ഇന്ത്യയും യുഎസും തമ്മിലുള്ള ഇടക്കാല വ്യാപാര കരാർ ചട്ടക്കൂട് മഹത്തായ സംഭവമാണെന്നും രാജ്യങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധത്തിനായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിനുള്ള പ്രതിബദ്ധതയ്ക്ക് നന്ദി അറിയിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ-യുഎസ് പങ്കാളിത്തത്തിന്റെ ആഴം, വിശ്വാസ്യത, ഊർജസ്വലത എന്നിവ കരാർ പ്രതിഫലിപ്പിക്കുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ കർഷകർ, സംരംഭകർ, എംഎസ്എംഇകൾ, നൂതന സ്റ്റാർട്ടപ്പുകൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്ക് പുതിയ അവസരങ്ങൾ തുറന്ന് നൽകുന്നതിലൂടെ ഇത് 'മെയ്ക്ക് ഇൻ ഇന്ത്യ'യെ ശക്തിപ്പെടുത്തുമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&

## RAJNATH IND-US TRADE DEAL

ഇന്ത്യയുടെ സാമ്പത്തിക യാത്രയിലെ തന്ത്രപരമായ നാഴികക്കല്ലാണ് ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാറെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. കയറ്റുമതി അവസരങ്ങൾ ഗണ്യമായി വികസിപ്പിക്കാനും, ഉയർന്ന നിലവാരമുള്ള നിക്ഷേപങ്ങൾക്കും, വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ കരാർ സഹായിക്കുമെന്ന് ശ്രീ സിംഗ് സമുഹമാധ്യമത്തിൽ കുറിച്ചു. ഈ കരാറിലൂടെ രാജ്യത്തെ കർഷകരെയും കൃഷിയെയും സംരക്ഷിക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

## SHIVRAJ IND-US DEAL

ഇന്ത്യ-യുഎസ് വ്യാപാര കരാറിനെ പ്രശംസിച്ച് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കരാറിൽ കർഷകരുടെ താല്പര്യത്തിനു മുൻഗണന നൽകിയിട്ടുണ്ടെന്നും പാൽ ഉൽപന്നങ്ങൾ, ധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയുടെ

ഉത്പാദന മേഖലയ്ക്ക് കരാർ ഗുണകരമാകുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

**CM - KERALA**

രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു. കേരളത്തിലെ ആരോഗ്യ രംഗത്തുണ്ടായ സമഗ്ര മാറ്റത്തിനുള്ള ഉദാഹരണമാണ് ഈ ആശുപത്രിയെന്ന് അദ്ദേഹം പറഞ്ഞു. പല കാര്യങ്ങളിലും കേരളം രാജ്യത്തിന് മാതൃകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചേവായൂരിലെ ത്വക്ക് രോഗ ആശുപത്രി വളപ്പിലെ 20 ഏക്കർ സ്ഥലത്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് നിർമിക്കുന്നത്.

&&&&&&&&&&&&&&&&

**ADOOR PRAKASH –SIT**

ശബരിമല സ്വർണ്ണ അപഹരണക്കേസിൽ യു ഡി എഫ് കൺവീനറും എം പിയുമായ അടൂർ പ്രകാശിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തു. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് ആസ്ഥാനത്താണ് ചോദ്യം ചെയ്യൽ.

&&&&&&&&&&&&&&&&

**KERALA - SIR**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. എസ് ഐ ആറിൻറെ ഭാഗമായുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായിട്ടുണ്ട്. ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസദ്ധികരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&

**HONORARIUM EC WEST BENGAL**

പശ്ചിമ ബംഗാളിൽ എസ് ഐ ആർ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഓണറേറിയം ഉടൻ നല്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. കുടിശ്ശിക തീർപ്പാക്കുന്നതിൽ നേരത്തെ

അറിയിപ്പ് നൽകിയിട്ടും സംസ്ഥാന സർക്കാരിൽ നിന്ന് മറുപടി ലഭിക്കാത്ത സാഹചര്യത്തിലാണ് നടപടി.

&&&&&&&&&&&&&&&&

## ICG-OIL SMUGGLING

അന്താരാഷ്ട്ര എണ്ണ കള്ളക്കടത്ത് റാക്കറ്റിനെ തകർത്ത് ഇന്ത്യൻ തീര സംരക്ഷണ സേന. സംഘർഷ ബാധിത രാജ്യങ്ങളിൽ നിന്ന് വലിയ അളവിൽ വിലകുറഞ്ഞ എണ്ണയും എണ്ണ അടിസ്ഥാനമാക്കിയുള്ള ചരക്കുകളും കടത്തുകയായിരുന്ന കപ്പലുകൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് നീക്കം. ഈ മാസം അഞ്ചിന് മുംബൈയിൽ നിന്ന് ഏകദേശം 100 നോട്ടിക്കൽ മൈൽ പടിഞ്ഞാറ് ഇത്തരത്തിലുള്ള മൂന്ന് കപ്പലുകൾ കണ്ടെത്തിയിരുന്നു.

&&&&&&&&&&&&&&&&

## ICC - T 20 CRICKET

ഐസിസി പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിന് തുടക്കമായി. ആദ്യ മത്സരത്തിൽ നെതർലൻഡ്സിനെതിരെ പാകിസ്ഥാന് 148 റൺ വിജയലക്ഷ്യം. ടോസ് നേടിയ പാകിസ്ഥാൻ ബൗളിംഗ് തിരഞ്ഞെടുക്കുകയായിരിന്നു. വൈകുന്നേരം 3 മണിക്ക് നടക്കുന്ന രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് സ്കോട്ലണ്ടിനെ നേരിടും . ഇന്ത്യ, യു എസ്സ് എ മത്സരം രാത്രി 7 നു നടക്കും.

&&&&&&&&&&&&&&&&

## BCCI-REWARD U19 CRICKET

അണ്ടർ 19 പുരുഷ ലോകകപ്പ് ക്രിക്കറ്റ് ജേതാക്കളായ ഇന്ത്യൻ ടീമിനും സാങ്കേതിക വിഭാഗത്തിനും സെലെക്ഷൻ കമ്മിറ്റി അംഗങ്ങൾക്കും 7.5 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ച് ബിസിസിഐ . ഇന്നലെ ഹരാരേ സ്പോർട്സ് ക്ലബ്ബിൽ നടന്ന ഫൈനലിൽ ഇംഗ്ലണ്ടിനെ 100 റണ്ണിന് തോൽപ്പിച്ചാണ് ഇന്ത്യ കിരീടം സ്വന്തമാക്കിയത് . അണ്ടർ 19 വിഭാഗത്തിൽ രാജ്യത്തിൻറെ ആറാമത് കിരീടം എന്ന റെക്കോർഡും സ്വന്തമാക്കി .

&&&&&&&&&&&&&&&&

## AMIT SHAH-CHHATTISGARH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ മൂന്ന് ദിവസത്തെ ഛത്തിസ്ഗഢ് സന്ദർശനം ഇന്ന് ആരംഭിക്കും. ആഭ്യന്തര സുരക്ഷ, വികസനം തുടങ്ങിയവ അവലോകനം ചെയ്യുന്ന അദ്ദേഹം വിവിധ സാംസ്കാരിക പരിപാടികളിലും പങ്കെടുക്കും. റായ്പൂരിൽ മുതിർന്ന ഉദ്യോഗസ്ഥരുമായി ശ്രീ അമിത് ഷാ ഇന്ന് കൂടിക്കാഴ്ച നടത്തും. Chhattisgarh @ 25 ദേശീയ കോൺക്ലേവിൽ അദ്ദേഹം മുഖ്യ അതിഥിയാകും.

&&&&&&&&&&&&&&&&

## PARIKSHA PE CHARCHA -2ND PART

പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാാം പതിപ്പിൻറെ രണ്ടാം ഭാഗം മറ്റെന്നാൾ . ആകാശവാണിയുടെ എല്ലാ നിലയങ്ങളും രാവിലെ 10 മണി മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. ആകാശവാണിയുടെ യുട്യൂബ് ചാനലിലും ലഭ്യമാകും.

&&&&&&&&&&&&&&&&

## CISF COASTAL CYCLOTHON

തീരദേശ സംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനൊപ്പം രാജ്യസുരക്ഷയ്ക്കായുള്ള ജനകീയ മുന്നേറ്റം കൂടിയാണ് 'വന്ദേമാതരം CISF കോസ്റ്റൽ സൈക്ലോത്തോൺ - 2026' എന്ന് കേന്ദ്രമന്ത്രി കെ. രാം മോഹൻ നായിഡു. വിശാഖപട്ടണം ആർ.കെ ബീച്ചിലെത്തിയ സൈക്ലോത്തോൺ സംഘത്തെ സ്വാഗതം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

## RBI - GDP

2025 -26 കാലയളവിലെ യഥാർത്ഥ മൊത്ത ആഭ്യന്തര ഉല്പാദന വളർച്ചാനിരക്ക് 7.4 ശതമാനമായി ഉയർത്തി ആർ ബി ഐ . ആഗോള വ്യാപാര അനിശ്ചിതത്വത്തിനും സാമ്പത്തിക വിപണിയിലെ ചാഞ്ചാട്ടത്തിനുമിടയിൽ ആഭ്യന്തര ആവശ്യകത തുടരുന്നതിലെ ആത്മവിശ്വാസമാണ് ഇത് സൂചിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

## IS-PAK ATTACK

പാകിസ്ഥാൻ തലസ്ഥാനമായ ഇസ്ലാമാബാദിലെ പള്ളിയിൽ ഇന്നലെയുണ്ടായ ചാവേർ സ്ഫോടനത്തിന്റെ ഉത്തരവാദിത്തം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തു. തോക്കുധാരിയായ അക്രമി സൈഫുള്ള അൻസാരിയുടെ ചിത്രവും തീവ്രവാദി സംഘം പുറത്തുവിട്ടു. ആക്രമണത്തിൽ 31 പേർ കൊല്ലപ്പെടുകയും 170 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&&&&&&&&&&